# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.10.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. വികസിത ഇന്ത്യ സാധ്യമാകാൻ സമത്വം, നീതി, ഗോത്രവർഗങ്ങളുടെ അവകാശ സംരക്ഷണം എന്നിവ ഉറപ്പാക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu says that, ensuring equality, justice, and protection of tribal rights is essential to achieve the vision of a developed India by 2047.**

2. കാർഷിക മേഖലയിലെ സുപ്രധാന പദ്ധതികളായ പിഎം ധൻ ധാന്യ യോജനയ്ക്കും, പയറുവർഗ്ഗ സ്വാശ്രയ ദൗത്യത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും.

   **Prime Minister Narendra Modi will launch important agricultural projects such as PM Dhan Dhanya Yojana and Pulses Self-Reliance Mission in New Delhi today.**

3. കേരളത്തിൽ പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ടുള്ള പൾസ് പോളിയോ പ്രതിരോധയജ്ഞം നാളെ.

   **Pulse Polio Prevention Campaign to eradicate polio in Kerala will held tomorrow.**

4. പെൺകുട്ടികൾ നയിക്കുന്ന മാറ്റം എന്ന പ്രമേയവുമായി ഇന്ന് അന്താരാഷ്ട്ര ബാലികാ ദിനം.

   **Today is International Day of the Girl Child with the theme - The girl I am, the change I lead: Girls on the frontlines of crisis.**

5. ഹമാസുമായുള്ള വെടിനിർത്തൽ കരാറിനെത്തുടർന്ന് ഗാസയിൽ നിന്ന് സൈന്യത്തെ ഭാഗികമായി പിൻവലിച്ച് ഇസ്രായേൽ.

   **Israel partially withdraws troops from Gaza following the ceasefire agreement with Hamas.**

6. വെസ്റ്റ് ഇൻഡീസിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും.

**India's first innings batting will resume today in the second match of the Test cricket series against the West Indies.**

&&&&&&&&&&&&&&&

## PREZ-GUJARAT

2047 ഓടെ വികസിത ഇന്ത്യ എന്ന ദർശനം കൈവരിക്കുന്നതിന് സമത്വം, നീതി, ഗോത്രവർഗങ്ങളുടെ അവകാശ സംരക്ഷണം എന്നിവ ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഗുജറാത്തിലെ ജുനഗഡ് ജില്ലയിലെ ആഫ്രിക്കൻ വേരുകളുള്ള സിദ്ദി ഗോത്ര വിഭാഗത്തിലെ അംഗങ്ങളുമായി സംവദിക്കുകയായിരുന്നു രാഷ്ട്രപതി. ശാക്തീകരണത്തിനും പുരോഗതിക്കുമുള്ള ഒരു മാർഗമായി വിദ്യാഭ്യാസം പിന്തുടരാൻ ഗോത്ര ജനതയെ പ്രോത്സാഹിപ്പിച്ച ശ്രീമതി മുർമു, സിദ്ദി സമൂഹം 72 ശതമാനത്തിലധികം സാക്ഷരതാ നിരക്ക് കൈവരിച്ചതിൽ സന്തുഷ്ടി പ്രകടിപ്പിച്ചു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി വ്യാഴാഴ്ചയാണ് രാഷ്ട്രപതി ഗുജറാത്തിലെത്തിയത്.

&&&&&&&&&&&&&&&

## PM-AGRI SECTOR SCHEMES (INTRO)

കാർഷിക മേഖലയിലെ സുപ്രധാന പദ്ധതികളായ പിഎം ധൻ ധാന്യ യോജനയ്ക്കും, പയറുവർഗ്ഗ സ്വാശ്രയ ദൗത്യത്തിനും പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. കാർഷിക, അനുബന്ധ മേഖലകളിലായി 42,000 കോടി രൂപയിലധികം വിലമതിക്കുന്ന വിവിധ പദ്ധതികളാണ് പ്രധാനമന്ത്രി ഇന്ന് രാഷ്ട്രത്തിന് സമർപ്പിക്കുന്നത്.

**വിശദാംശങ്ങളിലേക്ക്.....**

(വോയ്സ്)

## PM-AGRI SECTOR SCHEMES (VOICE)

കാർഷിക മേഖലയിലെ സുപ്രധാന പദ്ധതികൾക്കാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ തുടക്കം

കുറിക്കുന്നത്. 24,000 കോടി രൂപ അടങ്കലുള്ള പ്രധാനമന്ത്രി ധൻ ധാന്യ കൃഷി യോജന, കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, വിള വൈവിധ്യവൽക്കരണം വർദ്ധിപ്പിക്കുക, സുസ്ഥിര കാർഷിക രീതികൾ വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്നു. 11,000 കോടി രൂപയിലധികം ചെലവിൽ പയർവർഗ്ഗങ്ങളിൽ സ്വാശ്രയ ദൗത്യവും അദ്ദേഹം ഉദ്ഘാടനം ചെയ്യും. പയർവർഗ്ഗങ്ങളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുക, പയർവർഗ്ഗ കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുക, മൂല്യ ശൃംഖല ശക്തിപ്പെടുത്തുക - എന്നിവയാണ് ഇതിന്റെ ലക്ഷ്യം. പരിപാടിയിൽ, കർഷകരുമായും കർഷക ഉൽപാദക സംഘടനകളിൽ അംഗത്വം നേടിയവരുമായും കാർഷിക അടിസ്ഥാന സൗകര്യ ഫണ്ടിന് കീഴിലുള്ള പിന്തുണയിൽ നിന്നും നേട്ടം കൈവരിച്ചവരുമായും ശ്രീ മോദി സംവദിക്കും. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, കൂടാതെ ഭക്ഷ്യ സംസ്കരണ മേഖലകളിൽ 5,450 കോടി രൂപയിലധികം വിലമതിക്കുന്ന പദ്ധതികൾ പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

&&&&&&&&&&&&&&&

## VP - WCD

കേന്ദ്ര വനിതാ-ശിശു വികസന മന്ത്രി അന്നപൂർണ ദേവിയും കേന്ദ്ര സഹമന്ത്രി സാവിത്രി താക്കൂറും പാർലമെന്റ് ഹൗസിൽ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണനെ സന്ദർശിച്ചു. മന്ത്രാലയത്തിന്റെ പ്രധാന പദ്ധതികൾ, സംരംഭങ്ങൾ എന്നിവയെക്കുറിച്ച് ഉപരാഷ്ട്രപതിയോട് വിശദീകരിച്ചു. സ്ത്രീകൾക്കെതിരെ തൊഴിലിടങ്ങളിലുണ്ടാകുന്ന അതിക്രമങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച ഉപരാഷ്ട്രപതി, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളുടെ നിയമപരമായ പ്രത്യാഘാതങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കണമെന്ന് നിർദേശിച്ചു.

&&&&&&&&&&&&&&&

## CIVIL AVIATION- FESTIVE SEASON

വരാനിരിക്കുന്ന ഉത്സവ സീസണിൽ യാത്ര നിരക്കുകൾ ന്യായമായ തലങ്ങളിൽ നിലനിർത്തണമെന്ന് വ്യോമയാന മന്ത്രി

കെ. റാംമോഹൻ നായിഡു വിമാനക്കമ്പനികളോട് അഭ്യർത്ഥിച്ചു. ന്യൂഡൽഹിയിൽ നടന്ന പ്രതിമാസ അവലോകന യോഗത്തിൽ, സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന് ശ്രീ നായിഡു നിർദ്ദേശിച്ചു. എയർലൈനുകൾ നടത്തുന്ന പരാതി പരിഹാരവും മന്ത്രി അവലോകനം ചെയ്തു. യാത്രക്കാരുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കണമെന്നും അദ്ദേഹം പറഞ്ഞു. അതേസമയം യാത്രക്കാരുടെ സൗകര്യം മുൻഗണനയായി തുടരുമെന്നും തിരക്കുള്ള റൂട്ടുകളിൽ അധിക സർവ്വീസ് വിന്യസിച്ചിട്ടുണ്ടെന്നും കമ്പനികൾ അറിയിച്ചു.

&&&&&&&&&&&&&&&

## HEALTH AMBASSADOR-PADUKONE

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ മാനസികാരോഗ്യ അംബാസഡറായി പ്രശസ്ത അഭിനേത്രി ദീപിക പദുക്കോണിനെ നിയമിച്ചു. ഈ രംഗത്ത് രാജ്യം കൈവരിച്ച സുപ്രധാന മുന്നേറ്റങ്ങളെ അടിസ്ഥാനമാക്കി, മാനസികാരോഗ്യ ചട്ടക്കൂട് ശക്തിപ്പെടുത്തുന്നതിന് സംഭാവന നൽകുകയാണ് ലക്ഷ്യം. രാജ്യത്തുടനീളം അവബോധം വളർത്തുന്നതിനും, മികച്ച മാനസികാരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സുപ്രധാന ചുവടുവയ്പ്പാണിതെന്ന് മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&

## PRESIDENT - SABARIMALA

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ശബരിമല ദർശനവുമായി ബന്ധപ്പെട്ട് ഒരുക്കങ്ങൾ ഊർജ്ജിതമാക്കി തിരുവിതാംകൂർ ദേവസ്വം ബോർഡ്. രാഷ്ട്രപതിയുടെ ദർശനത്തിനും വിശ്രമത്തിനുമുള്ള ക്രമീകരണങ്ങളാണ് ഒരുങ്ങുന്നത്. ഈ മാസം 22 നാണ് രാഷ്ട്രപതി ശബരിമല സന്ദർശിക്കുന്നത്.

&&&&&&&&&&&&&&&

## CM - KERALA

കൊച്ചി വാട്ടർ മെട്രോയുടെ പുതുതായി നിർമ്മാണം പൂർത്തിയാക്കിയ രണ്ട് ടെർമിനലുകൾ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും. മട്ടാഞ്ചേരി, വില്ലിംഗ്ടൺ

ഐലന്റ് ടെർമിനലുകളാണ് ഉദ്ഘാടനം ചെയ്യുന്നത്. 38 കോടി രൂപ ചെലവിലാണ് നിർമ്മാണം പൂർത്തിയാക്കിയത്.

&&&&&&&&&&&&&&&

## PULSE POLIO

പോളിയോ നിർമ്മാർജനം ലക്ഷ്യമിട്ടുള്ള പൾസ് പോളിയോ പ്രതിരോധയജ്ഞം കേരളത്തിൽ നാളെ നടക്കും.

5 വയസ്സുവരെയുളള എല്ലാ കുഞ്ഞുങ്ങൾക്കും പോളിയോ നൽകി യജ്ഞത്തിൽ പങ്കാളികളാകണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അഭ്യർത്ഥിച്ചു. സ്കൂളുകൾ, അങ്കണവാടികൾ, വായനശാലകൾ, സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലെ ബൂത്തുകൾ ഞായറാഴ്ച രാവിലെ 8 മുതൽ വൈകുന്നേരം 5 മണി വരെയും ട്രാൻസിറ്റ് ബൂത്തുകൾ വൈകിട്ട് 8 മണിവരെയും പ്രവർത്തിക്കും.

&&&&&&&&&&&&&&&

## RAIN - KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

## RAJNATH AUSTRALIA ( INTRO)

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സിഡ്നിയിൽ ഇന്ത്യ-ഓസ്ട്രേലിയ പ്രതിരോധ വ്യവസായ വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്തു. ഓസ്ട്രേലിയയുടെ പ്രതിരോധ സഹമന്ത്രി പീറ്റർ ഖലീൽ യോഗത്തിൽ പങ്കെടുത്തു. പ്രതിരോധ സാങ്കേതികവിദ്യ, ഉൽപ്പാദനം, നൂതനാശയം എന്നിവയും മേക്ക് ഇൻ ഇന്ത്യ, ആത്മനിർഭർ ഭാരത് സംരംഭങ്ങളും ചർച്ചയായി. സിഡ്നിയിൽ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ സംഘടിപ്പിച്ച പരിപാടിയിൽ രാജ്യരക്ഷാമന്ത്രി ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്തു.

( വോയിസ്......)

&&&&&&&&&&&&&&&

## INTERNATIONAL GIRL - CHILD DAY

ഇന്ന് അന്താരാഷ്ട്ര ബാലികാ ദിനം. പെൺകുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകുന്നതിനായാണ് എല്ലാവർഷവും ഒക്ടോബർ 11 അന്താരാഷ്ട്ര ബാലികാ ദിനമായി ആചരിക്കുന്നത്. പെൺകുട്ടികളുടെ പുരോഗതി ഉറപ്പുവരുത്തുക, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നിവയാണ് ഈ ദിനാചരണം ലക്ഷ്യമിടുന്നത്. പെൺകുട്ടികൾ നയിക്കുന്ന മാറ്റം: പ്രതിസന്ധി നേരിടാൻ മുൻനിരയിൽ പെൺകുട്ടികൾ എന്നതാണ് ഇത്തവണത്തെ പ്രമേയം.

&&&&&&&&&&&&&&&

## GST REFORMS-HIMACHAL PRADESH

രാജ്യത്ത് നിലവിൽ വന്ന പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ ഹിമാചൽ പ്രദേശിലുടനീളമുള്ള കർഷകർക്കും വ്യവസായങ്ങൾക്കും ആശ്വാസമാകുന്നു. പാക്കേജിംഗ് വസ്തുക്കളുടെ ജിഎസ്ടി കുറച്ചത് ആപ്പിൾ കർഷകർക്കും നേട്ടമാവുകയാണ്. ഭക്ഷ്യ സംസ്കരണ യൂണിറ്റുകൾ, മെഡിക്കൽ ഉപകരണ വ്യവസായം എന്നീ മേഖലകളിൽ ചില്ലറ വില്പനയ്ക്കെത്തുന്ന ഉൽപ്പന്നങ്ങളുടെ വില കുറയാൻ ജിഎസ്ടി പരിഷ്കരണം സഹായിക്കും.

&&&&&&&&&&&&&&&

## INDIA VS WI- TESTCRIC

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും. ആദ്യ ദിനം കളി നിർത്തുമ്പോൾ ഇന്ത്യ 2 വിക്കറ്റ് നഷ്ടത്തിൽ 318 റൺസ് എന്ന നിലയിലാണ്. ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യ ടെസ്റ്റിൽ ഇന്ത്യക്കായിരുന്നു ജയം.

&&&&&&&&&&&&&&&

## ICC WORLD CUP

ഐസിസി വനിതാ ലോകകപ്പിൽ ബംഗ്ലാദേശിനെതിരെ ഇംഗ്ലണ്ടിന് നാല് വിക്കറ്റ് ജയം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത

ബംഗ്ലാദേശ് 49.4 ഓവറിൽ 178 റൺസ് എടുക്കുന്നതിനിടെ മുഴുവൻ വിക്കറ്റുകളും നഷ്ടമായി. മറുപടി ബാറ്റിംഗിനിറങ്ങിയ ഇംഗ്ലണ്ട്, 46.1 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. ഇന്ന് നടക്കുന്ന മത്സരത്തിൽ ഇംഗ്ലണ്ട് ശ്രീലങ്കയുമായി ഏറ്റുമുട്ടും. ശ്രീലങ്കയിലെ ആർ പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം 3 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&

## NT. ISRAEL-CEASEFIRE

ഇസ്രായേലും ഹമാസും തമ്മിലുള്ള വെടിനിർത്തൽ കരാറിനെത്തുടർന്ന് ഗാസയുടെ ചില ഭാഗങ്ങളിൽ നിന്ന് സൈന്യത്തെ ഭാഗികമായി പിൻവലിച്ചതായി ഇസ്രായേൽ സൈന്യം അറിയിച്ചു. ഗാസ മുനമ്പിന്റെ പകുതിയോളം കൈവശപ്പെടുത്തിയിട്ടുണ്ടെങ്കിലും, പ്രദേശത്തിനുള്ളിലെ യോജിച്ച സ്ഥാനങ്ങളിലേക്ക് സൈന്യം പിൻവാങ്ങിയതായി ഉദ്യോഗസ്ഥർ പറഞ്ഞു. യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ വെടിനിർത്തൽ, ബന്ദികളെ മോചിപ്പിക്കൽ പദ്ധതിയുടെ ആദ്യ ഘട്ടത്തിന് ഇസ്രായേൽ അംഗീകാരം നൽകിയതിനെ തുടർന്നാണ് നടപടി. കൂടുതൽ ഘട്ടങ്ങൾ ഇപ്പോഴും ചർച്ചയിലാണ്. അതേസമയം ഇസ്രായേൽ സൈന്യം പിൻവാങ്ങിയ ഗാസ നഗരത്തിലെ ചില ഭാഗങ്ങളിൽ, ഹമാസ് സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

## US TARIFF-CHINA

അടുത്ത മാസം മുതൽ ചൈനയിൽ നിന്നുള്ള ഇറക്കുമതിക്ക് 100 ശതമാനം അധിക തീരുവ ചുമത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. വിലയേറിയ അപൂർവ ഭൗമ ധാതുക്കൾക്ക് ചൈന കയറ്റുമതി നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ പദ്ധതിയിടുന്നതിന്റെ പശ്ചാത്തലത്തിലാണ് നീക്കം. നവംബർ 1 മുതൽ അധിക തീരുവകൾ പ്രാബല്യത്തിൽ വരും.

&&&&&&&&&&&&&&&

## FRANCE PM RE-APPOINTMENT

ഫ്രാൻസിൽ, സെബാസ്റ്റ്യൻ ലെകോർണുവിനെ പ്രധാനമന്ത്രിയായി വീണ്ടും നിയമിച്ചു. ലെകോർണു രാജി വച്ചതിനു ദിവസങ്ങൾക്ക്

ശേഷമാണ് നിയമനം. രാജ്യത്തെ രാഷ്ട്രീയ പ്രതിസന്ധി അവസാനിപ്പിക്കുന്നതിനായി സർക്കാർ രൂപീകരിക്കാനും ബജറ്റ് തയ്യാറാക്കാനും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ

മാക്രോ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. കടുത്ത സാമ്പത്തിക വെല്ലുവിളികളും കടബാധ്യതയും വർധിക്കുന്നതിനൊപ്പം ഫ്രാൻസിലെ രാഷ്ട്രീയ പ്രതിസന്ധി യൂറോപ്യൻ യൂണിയനിലുടനീളം ആശങ്ക ഉയർത്തുകയാണ്.

&&&&&&&&&&&&&&&

**NT. EARTHQUAKE PHILIPPINES**

ഫിലിപ്പീൻസിൽ, ഇന്നലെയുണ്ടായ ശക്തമായ ഭൂകമ്പങ്ങളിൽ ഏഴ് പേർ മരിച്ചു. 7.4 തീവ്രത രേഖപ്പെടുത്തിയ ആദ്യത്തെ ഭൂകമ്പത്തിന് ഏഴ് മണിക്കൂറിന് ശേഷം അതേ പ്രദേശത്ത് 6.8 തീവ്രത രേഖപ്പെടുത്തിയ രണ്ടാമത്തെ ഭൂചലനവും ഉണ്ടായി. വീടുകൾക്കും കെട്ടിടങ്ങൾക്കും പാലങ്ങൾക്കും നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&

&&&&&&&&&&&

&&&&&&&&